**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2213** **12-12-2022 - ൽ മറുപടിയ്ക്ക്**

**സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കിയ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പാക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | **23.06.2022 ലെ സ.ഉ.(പി) 70/2022/ധന പ്രകാരം പ്രസിദ്ധീകരിച്ച് 01.07.2022 മുതൽ ആരംഭിച്ച മെഡിസെപ് പദ്ധതിയിൽ കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവകലാശാലകളിലേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ / പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരും ഈ പദ്ധതിയുടെ നിലവിലെ ഗുണഭോക്താക്കളാണ്.** |

| | | | |
|---|---|---|---|
| | | | **പൊതുമേഖലാ സ്ഥാപനങ്ങളിലെയും സർക്കാരിന<br>കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ<br>സ്ഥാപനങ്ങളിലെയും ജീവനക്കാരെ ഈ<br>പോളിസി കാലയളവിൽ പദ്ധതിയിൽ<br>ഉൾപ്പെടുത്തുന്നത് അപ്രായോഗികമാണ്. ട<br>വിഭാഗം ജീവനക്കാരെ പദ്ധതിയിൽ<br>ഉൾപ്പെടുത്തുന്ന വിഷയം പദ്ധതിയുടെ അടുത്ത<br>ഘട്ടം ആരംഭിക്കുന്ന സമയത്ത് സർക്കാർ<br>അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.** |
| (ബി) | സി-ഡിറ്റിലെ ജീവനക്കാർക്ക് മറ്റേതെങ്കിലും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള തീരുമാനം മാനേജ്മെന്റിന്റെ പരിഗണനയിലുണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | സി-ഡിറ്റിലെ ജീവനക്കാർക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് മുന്നോടിയായി Insurance Company കളിൽ നിന്നും സി-ഡിറ്റ് താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. |
| (സി) | സി-ഡിറ്റിലെ ജീവനക്കാർക്ക് പെൻഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാമോ? | (സി) | ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ